കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# നിയോജകരുടെ ബാദ്ധ്യത ആക്റ്റ്, 1938

(1938-ലെ 24-ാം ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സുപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്
1977

വില 1

## കേന്ദ്ര ഗവൺമെൻറ്

നിയമ ന്യായ കമ്പനി മന്ത്രാലയം

# നിയോജകരുടെ ബാദ്ധ്യത ആക്റ്റ്, 1938

(1938-ലെ 24-ാം ആക്റ്റ്)

യൂണിയൻ ഗവൺമെൻറിനു വേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1977

# നിയോജകരുടെ ബാദ്ധ്യത ആക്റ്റ്, 1938

(1938-ലെ 24)

[1938 സെപ്റ്റംബർ, 24]

തൊഴിലാളികൾക്ക് ഉണ്ടാകുന്ന ക്ഷതികൾ സംബന്ധിച്ച നഷ്ടത്തിനുള്ള വ്യവഹാരങ്ങളിൽ ചില പ്രതിവാദങ്ങൾ ഉന്നയിക്കാൻ പാടില്ലെന്നു പ്രഖ്യാപിക്കുന്നതിനുള്ള ആക്റ്റ്.

തൊഴിലാളികൾക്ക് ഉണ്ടാകുന്ന ക്ഷതികൾ സംബന്ധിച്ച നഷ്ടത്തിനുള്ള വ്യവഹാരങ്ങളിൽ ചില പ്രതിവാദങ്ങൾ ഉന്നയിക്കാൻ പാടില്ലെന്നു പ്രഖ്യാപിക്കുന്നതു സമീചീനമായിരിക്കയാൽ, ഇതിനാൽ താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേരും വ്യാപ്തിയും.—1. ഈ ആക്റ്റിന്, നിയോജകരുടെ ബാദ്ധ്യത ആക്റ്റ്, 1938 എന്നു പേർ പറയാവുന്നതാണ്.

(2) ഇത് ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, വിഷയത്തിലോ സന്ദർഭത്തിലോ വിരുദ്ധമായി എന്തെങ്കിലും ഇല്ലാത്തപക്ഷം.—

(ക) ''തൊഴിലാളി''ക്ക്, നിയോജകനുമായി സേവനകോൺട്രാക്റ്റിലോ അപ്രൻറിസ്ഷിപ്പ് കാൺട്രാക്റ്റിലോ, അതു ശാരീരികമായ തൊഴിലോ ക്ലാർക്കിൻെറ പ്രവൃത്തിയോ മററു വിധത്തിലുള്ളതോ ആയാലും, ആ കാൺട്രാക്റ്റ് പ്രകടമോ വ്യംഗ്യമോ വാക്കാലുള്ളതോ ലിഖിതമായുള്ളതോ ആയാലും, ഏർപ്പെടുകയോ അങ്ങനെയുള്ള കാൺട്രാക്റ്റിൻ കീഴിൽ പ്രവർത്തിക്കുകയോ ചെയ്യുന്ന ഏതെങ്കിലും ആൾ എന്ന് അർത്ഥമാകുന്നതും,

(ഖ) ''നിയോജക''നിൽ, ആളുകളുടെ ഏതെങ്കിലും നികായവും, അത് ഏകാംഗീകൃതമായാലും അല്ലെങ്കിലും, നിയോജകൻെറ ഏതെങ്കിലും മാനേജിങ്ങ് ഏജൻറും മരിച്ചുപോയ നിയോജകൻെറ നിയമാനുസൃത പ്രതിനിധിയും ഉൾപ്പെടുന്നതും; തൊഴിലാളികളുടെ സേവനങ്ങൾ ഏത് ആളുമായാണോ, ആ തൊഴിലാളി സേവന കാൺട്രാക്റ്റിലോ അപ്രൻറിസ്ഷിപ്പ് കാൺട്രാക്റ്റിലോ ഏർപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ആൾ മററൊരാൾക്ക് താൽക്കാലികമായി കടം കൊടുക്കുകയോ കൂലിക്ക് കൊടുക്കുകയോ ചെയ്യുന്നിടത്ത്, തൊഴിലാളി അങ്ങനെയുള്ള മററെയാൾക്കായി പ്രവൃത്തി ചെയ്യുമ്പോൾ, ആ മറേറയാൾ എന്ന് അർത്ഥമാകുന്നതും ആണ്.

3. പൊതുവായുള്ള നിയോജനം എന്ന പ്രതിവാദത്തിന് ചില സംഗതികളിൽ തടസ്സമുണ്ടെന്നു്.—തൊഴിലാളിക്ക് ശാരീരികമായ ക്ഷതി.—

(ക) നിയോജകൻ, തൻെറ വ്യാപാരത്തോടോ ബിസിനസ്സോടോ ബന്ധപ്പെട്ടതോ, അതിൽ ഉപയോഗിക്കപ്പെടുന്നതോ ആയ ഏതെങ്കിലും വഴിയോ, നിർമ്മാണങ്ങളോ, മെഷീനറിയോ, പ്ലാൻേറാ, നല്ലതും നിരപായമായതും ആയ അവസ്ഥയിൽ വച്ചുപോരുന്നതിനുള്ള വിലോപം കാരണമായോ, അല്ലെങ്കിൽ ആ നിയോജകൻെറ സേവനത്തിലുള്ളവനും അങ്ങനെയുള്ള വഴിയോ, നിർമ്മാണങ്ങളോ, മെഷിനറിയോ, പ്ലാൻേറാ നല്ലതും നിരപായമായതുമായ അവസ്ഥയിൽ സൂക്ഷിക്കേണ്ട കർത്തവ്യം ഭരമേല്പ്പിക്കപ്പെട്ടവനുമായ ഏതെങ്കിലും ആളുടെ ഭാഗത്തുള്ള ഏതെങ്കിലും സദൃശവിലോപം കാരണമായോ; അല്ലെങ്കിൽ

(ഖ) നിയോജകൻെറ സേവനത്തിൽ ഉണ്ടായിരിക്കുകയും ഏതെങ്കിലും മേലന്വേഷണം ഭരമേല്പിക്കപ്പെട്ടിരിക്കുകയും ചെയ്യുന്ന ഏതെങ്കിലും ആളുടെ, അങ്ങനെയുള്ള മേലന്വേഷണത്തിൻെറ നിർവഹണത്തിലുള്ള ഉപേക്ഷ കാരണമായോ; അല്ലെങ്കിൽ

(ഗ) നിയോജകൻെറ സേവനത്തിലുള്ള ഏതൊരാളുടെ ഉത്തരവുകളോ നിർദേശങ്ങളോ ആണോ തൊഴിലാളി ആ ക്ഷതി സമയത്ത് അനുസരിക്കാൻ ബാദ്ധ്യസ്ഥനായിരുന്നതും. അനുസരിച്ചതും, അങ്ങനെയുള്ള ആളുടെ— തൊഴിലാളി അപ്രകാരം അനുസരിച്ചതിൻെറ ഫലമായാണ് ക്ഷതി ഉണ്ടായത് എന്നിടത്ത്—ഉപേക്ഷ കാരണമായോ ; അല്ലെങ്കിൽ

(ഘ) നിയോജകൻെറ സേവനത്തിലുള്ള ഏതെങ്കിലും ആൾ—

(i) തൻെറ കർത്തവ്യങ്ങളുടെ സാധാരണ നിർവഹണത്തിലോ, അല്ലെങ്കിൽ

(ii) നിയോജകൻെറ ഏതെങ്കിലും ചട്ടമോ ബൈലായോ (തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം, അല്ലെങ്കിൽ നിയമത്തിൻ കീഴിൽ ഏതെങ്കിലും അധികാര സ്ഥാനത്താൽ അംഗീകരിക്കപ്പെടേണ്ടതാണെന്ന് ആവശ്യപ്പെടുന്നതും അപ്രകാരം അംഗീകരിക്കപ്പെട്ടിട്ടുള്ളതും ആയ ചട്ടമോ ബൈലായോ അല്ലാത്തത്) അനുസരിക്കുന്നതിലോ, അല്ലെങ്കിൽ

(iii) നിയോജകൻ അതിലേയ്ക്ക് അധികാരം പ്രത്യായോജനം ചെയ്തിട്ടുള്ള മറേറതെങ്കിലും ആൾ നല്കുന്ന പ്രത്യേക ആദേശങ്ങൾ അനുസരിക്കുന്നതിലോ,

ചെയ്യുന്നതോ കാണിക്കുന്നതോ ആയ കൃത്യമോ കൃത്യവിലോപമോ കാരണമായോ ഉണ്ടാകുന്നിടത്ത്, ആ ക്ഷതി സംബന്ധിച്ച് തൊഴിലാളിയോ, അല്ലെങ്കിൽ അയാൾ മരിക്കുന്നുവെങ്കിൽ, അവകാശപ്പെട്ട ഏതെങ്കിലും ആളോ കൊടുക്കുന്ന നഷ്ടത്തിനുള്ള വ്യവഹാരം, ക്ഷതി സമയത്ത് ആ തൊഴിലാളി ആ നിയോജകൻെറ തൊഴിലാളിയോ, ആ നിയോജകൻെറ സേവനത്തിലുള്ളവനോ അയാളുടെ പ്രവൃത്തിയിൽ ഏർപ്പെട്ടിരുന്നവനോ ആയ തൊഴിലാളിയോ ആയിരുന്നുവെന്ന വസ്തുത കാരണമായി മാത്രം പരാജയപ്പെടുന്നതല്ല.

3ക. <u>കാൺട്രാക്ററ് വഴിയുള്ള ഒഴിഞ്ഞു മാറൽ.</u>—ഒരു സേവന കാൺട്രാക്ററിലോ അപ്രൻറിസ്ഷിപ്പ് കാൺട്രാക്ററിലോ, അതിന് പാർശ്വികമായ ഒരു കരാറിലോ അടങ്ങിയ ഏതെങ്കിലും വ്യവസ്ഥ, ആ വ്യവസ്ഥയ്ക്ക് നിയോജിക്കപ്പെടുന്നവനോ അപ്രൻറിസ് ചെയ്യിക്കപ്പെടുന്നവനോ ആയ ആൾക്ക് അയാളോടൊപ്പം പൊതുവായുള്ള പ്രവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള ആളുകളുടെ ഉപേക്ഷയാൽ ഉണ്ടായിട്ടുള്ള ശാരീരികമായ ക്ഷതികൾ സംബന്ധിച്ചു നിയോജകൻെറ ഏതെങ്കിലും ബാദ്ധ്യത ഒഴിച്ചുനിറുത്തുകയോ, പരിമിതിപ്പെടുത്തുകയോ ചെയ്യുന്ന പ്രഭാവം ഉണ്ടായിരിക്കുന്നിടത്തോളം ശൂന്യമായിരിക്കുന്നതാണ്.

4. <u>പൂർണ്ണമായ അറിവു കൂടാതെ അപായ സാദ്ധ്യത ഏറെറടുത്തതായി കരുതപ്പെടുന്നതല്ലെന്ന്.</u>—അങ്ങനെയുള്ള ഏതെങ്കിലും നഷ്ടത്തിനുള്ള വ്യവഹാരത്തിൽ, തൊഴിലാളി നിയോജനവുമായി ബന്ധപ്പെട്ട ഏതെങ്കിലും അപായ സാദ്ധ്യത ഏറെറടുത്തിട്ടുള്ളതായി, അയാൾക്ക്, അതു പൂർണ്ണമായി വിശദീകരിച്ചുകൊടുക്കുകയും അയാൾ അതു മനസ്സിലാക്കുകയും ചെയ്തുവെന്നും അയാൾ അതു സ്വേച്ഛയാ ഏറെറടുത്തതാണെന്നും നിയോജകൻ തെളിയിക്കാത്ത പക്ഷം, കരുതപ്പെടുന്നതല്ല.

5. <u>ഒഴിവാക്കൽ.</u>—ഈ ആക്ററിലെ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും നഷ്ടത്തിനുള്ള വ്യവഹാരത്തിൽ, ഈ ആക്ററിൻെറ പ്രാരംഭത്തിനു മുമ്പ് ഒരു സിവിൽക്കോടതി പാസ്സാക്കിയിട്ടുള്ള ഏതെങ്കിലും വിധിയുടേയോ ഉത്തരവിൻേറയോ സാധുതയെ ബാധിക്കുന്നതല്ല.

———